# 2010–ൽ സ്ഥാനമൊഴിഞ്ഞ കമ്പനി ഡയറക്ടർക്കെതിരെ 2019–ലെ നിയമലംഘനത്തിന് കേസെടുത്തത് റദ്ദാക്കി

## മദ്രാസ് ഹൈക്കോടതി

Crl. O.P. No. 30836/2019 Dt. 6.3.2019

പരാഗ് എം. മുനോട്ട്

x

സ്റ്റേറ്റ് ഓഫ് മദ്ധ്യപ്രദേശ്

പ്രോപ്പർട്ടി സൊലൂഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിലെ ഡയറക്ടറായിരുന്ന പരാഗ് എന്നയാൾ 2010–ൽ ഡയറക്ടർ സ്ഥാനം രാജിവയ്ക്കുകയും അക്കാര്യം രേഖാമൂലം കമ്പനി രജിസ്ട്രാറെ അറിയിക്കുകയും ചെയ്തു. കമ്പനിയിലെ പല ജോലികളും കരാറുകാരുടെ തൊഴിലാളികൾ മുഖേനയാണ് നിർവ്വഹിച്ചിരുന്നത്. അതിനാൽ കരാർ തൊഴിൽ നിയന്ത്രണ നിയമപ്രകാരമുള്ള പല നിബന്ധനകളും പാലിക്കാൻ കമ്പനിക്ക് ബാധ്യതയുണ്ട്. അപ്രകാരമിരിക്കെ ലേബർ എൻഫോഴ്സ്മെന്റ് ഓഫീസർ കമ്പനിയിൽ 2019–ൽ പരിശോധന നടത്തി. കരാർ തൊഴിൽ നിയന്ത്രണ നിയമപ്രകാരമുള്ള എട്ട് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ കമ്പനി വീഴ്ച വരുത്തിയെന്ന് പ്രസ്തുത ഓഫീസർ കാണുകയുണ്ടായി. പോരായ്മകൾ പരിഹരിക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടിട്ടും കമ്പനി അത് പരിഹരിക്കാൻ യാതൊന്നും ചെയ്തില്ല. തുടർന്ന് കമ്പനിയുടെ ഡയറക്ടർമാരെ പ്രതികളാക്കി മെട്രോപ്പോളിറ്റൻ മജിസ്ട്രേറ്റ് കോടതിയിൽ ലേബർ എൻഫോഴ്സ്മെന്റ് ഓഫീസർ പരാതി നല്കി. പരാതി ഫയലിൽ സ്വീകരിച്ച മജിസ്ട്രേറ്റ് കോടതി പ്രതികൾക്ക് സമൻസയച്ചു. 2010–ൽ ഡയറക്ടർ സ്ഥാനം രാജിവച്ച പരാഗ് എന്നയാൾക്കും മജിസ്ട്രേറ്റ് കോടതിയിൽ നിന്ന് സമൻസ് ലഭിച്ചു. അപ്പോഴാണ് താൻ പ്രതിയാണെന്ന് അയാൾ മനസ്സിലാക്കിയത്. തുടർന്ന് അയാൾ ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചു. തനിക്കെതിരെ മെട്രോപ്പോളിറ്റൻ മജിസ്ട്രേറ്റ് കോടതിയിൽ ലേബർ എൻഫോഴ്സ്മെന്റ് ഓഫീസർ നല്കിയ പരാതി റദ്ദാക്കണമെന്ന് അയാൾ ആവശ്യപ്പെട്ടു. 2010–ൽ താൻ ഡയറക്ടർ സ്ഥാനം രാജിവച്ചതാണെന്നും അതിനു ശേഷം ഒരിക്കലും കമ്പനിയുടെ പ്രവർത്തനങ്ങളിൽ ഇടപെട്ടിട്ടില്ലെന്നും അങ്ങനെയിരിക്കെ 2019–ലെ പരിശോധനയിൽ കാണപ്പെട്ട വീഴ്ചകളുടെ പേരിൽ തനിക്കെതിരെ പരാതി നല്കിയത് തീർത്തും അന്യായമാണെന്ന് പ്രതി വാദിച്ചു. 2019–ൽ എൻഫോഴ്സ്മെന്റ് ഓഫീസർ പരിശോധന നടത്തുമ്പോഴോ കാരണം–കാണിക്കൽ നോട്ടീസയച്ചപ്പോഴോ കമ്പനി ഡയറക്ടർ സ്ഥാനത്തില്ലാത്തയാളെ പ്രതിയാക്കി പരാതി നല്കിയത് നിയമ സംവിധാനത്തിന്റെ അങ്ങേയറ്റത്തെ ദുരുപയോഗമാണെന്ന് ചൂണ്ടിക്കാട്ടിയ ഹൈക്കോടതി പ്രതിക്കെതിരെയുള്ള ക്രിമിനൽ കേസും തുടർ നടപടികളും റദ്ദാക്കുകയും ഹർജി അനുവദിച്ച് ഉത്തരവാകുകയും ചെയ്തു.